No. CEE4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

# KEAM- 2020

## ബി.ഡി.എസ് കോഴ്സ് രണ്ടാം ഘട്ട മോപ്–അപ്പ് കൗൺസലിംഗിനുശേഷമുള്ള ഒഴിവുകളിലേയ്ക്കുള്ള പ്രവേശനം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനുള്ള തീയതി ദീർഘിപ്പിച്ചു.

സംസ്ഥാനത്തെ സർക്കാർ സ്വാശ്രയ ദന്തൽ കോളേജുകളിലെ 2020–21 അദ്ധ്യയന വർഷത്തെ ബി.ഡി.എസ് കോഴ്സുകളിൽ രണ്ടാം ഘട്ട ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ് അപ് അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ നടപടികൾക്കുള്ള സമയം 12/01/2021 **വരെ നീട്ടിയിരിക്കുന്നു.**

മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2020 - Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Confirmation'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **12/01/2021 വൈകിട്ട് 3.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ കൺഫർമേഷൻ ചെയ്യേണ്ടതാണ്. നില നിൽക്കുന്ന ഹയർ ഓപ്ഷനുകളിൽ ആവശ്യമെങ്കിൽ പുനഃക്രമീകരണം ചെയ്യാനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യാനുമുള്ള സൗകര്യവും ലഭ്യമാണ്. മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്. 14.01.2021 ന് പ്രസ്തുത കോഴ്സിലേക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും.

31.12.2020 തീയതിയിലെ DE- 22(16)(Act and Regulations)-2020/5101 നമ്പർ കത്ത് പ്രകാരം 2020–21 അദ്ധ്യയന വർഷത്തെ ബി.ഡി.എസ് കോഴ്സ് അലോട്ട്മെന്റ് നടപടികൾക്കുള്ള അവസാന തീയതി 30.01.2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

അലോട്ട്മെന്റ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക്പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 07.01.2021 ലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10.01.2021